(ബി) യാചകവൃത്തിയുടെ മറവിൽ നടക്കുന്ന കുറ്റകൃത്യങ്ങളെ കണ്ടെത്തി ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനായി പോലീസ് പട്രോളിംഗ്, സ്കാഡുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. യാചകർ കുട്ടികളാണെങ്കിൽ അവരെ "ചൈൽഡ് കെയർ യൂണിറ്റി"ലേക്ക് അയയ്ക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നു വരുന്ന യാചകരെ പിടികൂടി അവരുടെ സംസ്ഥാനങ്ങളിലേക്ക് തിരിച്ച് അയയ്ക്കുന്നുണ്ട്.

പൊതു സ്ഥലങ്ങളിലെ അശ്ലീല പരസ്യങ്ങൾ തടയുന്നതിന് സംവിധാനം

107 [108] ശ്രീ. ടി. പി. എം. സാഹിർ:
,, കളത്തിൽ അബ്ദുള്ള:
,, യു. സി. രാമൻ:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ അശ്ലീല പോസ്റ്ററുകൾ ഒട്ടിക്കുകയും ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നത് തടയാൻ നിലവിലുള്ള സംവിധാനമെന്തെല്ലാം;

(ബി) ഇത് ലംഘിച്ച് അശ്ലീല പരസ്യം നടത്തുന്നവർക്കെതിരെ എത്ര കേസുകൾ 2002-03 വർഷത്തിൽ എടുത്തിട്ടുണ്ട്;

(സി) എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി ആക്ടിലെയും കേരള പഞ്ചായത്ത് ആക്ടിലെയും വ്യവസ്ഥകൾക്ക് വിധേയമായാണ് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് അനുവാദം നല്കി വരുന്നത്. അനധികൃതവും സഭ്യവുമല്ലാത്ത പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നത് ശിക്ഷാർഹമാണ്. ഇത്തരം പരസ്യങ്ങൾ നീക്കം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. കൂടാതെ അശ്ലീല സിനിമ പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നത് തടയുന്നതിനായി 11-11-2003-ൽ 6945/ബി1/2003/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമം 292-ലെ ഇൻഡീസന്റ് റെപ്രസെന്റേഷൻ ഓഫ് വുമൺ (പ്രൊഹിബിഷൻ ആക്ട്) പ്രകാരം പോലീസിനും ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ പത്ത് കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

വിജിലൻസ് കേസുകൾ

108 [109] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം സംസ്ഥാന മന്ത്രിസഭയിലെ മന്ത്രിമാർ ഉൾപ്പെടുന്ന ഏതെല്ലാം വിജിലൻസ് കേസുകളിലാണ് നടപടികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കേസ്സുകളുടെ അന്വേഷണവും തുടർ നടപടികളും, വേണ്ടെന്ന് സർക്കാർ തീരുമാനിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഏതെങ്കിലും മന്ത്രിമാർക്കെതിരെ അഴിമതി, അനധികൃത സ്വത്ത് സമ്പാദിക്കൽ, സ്ത്രീപീഡനം എന്നിവയുടെ പേരിൽ അന്വേഷണം നടക്കുന്നുണ്ടോയെന്നും കേസ് നിലനിൽക്കുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിസഭാംഗങ്ങൾക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

109 [110] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിസഭയിലെ ഏതെല്ലാം [illegible]ങ്ങൾക്കെതിരെയാണ് വിജിലൻസ് അന്വേഷണം നടക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം മന്ത്രിമാർക്കെതിരെയാണ് വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം മന്ത്രിമാരുടെ പേരിലുള്ള കേസുകളാണ് സർക്കാർ പിൻവലിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly